**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **14-03-2022 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള പ്രകൃതി ദുരന്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ** | | **null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനാൽ ദുരന്തനിവാരണത്തിനും ആഘാത ലഘൂകരണത്തിനുമായി ആധുനിക സാങ്കേതികവിദ്യ അധിഷ്ഠിതമായി കാര്യക്ഷമവും കൂടുതൽ ഫലപ്രദവുമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മികവുറ്റ രീതിയിൽ രക്ഷാപ്രവർത്തനം നടത്താൻ പ്രാപ്തരായ വിദഗ്ധ സംഘത്തെ തയ്യാറാക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | ഉണ്ട്. കാലാവസ്ഥ പ്രവചനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും സഹകരണത്തോടുകൂടി കേരളത്തിൽ 100 തത്സമയ കാലാവസ്ഥ മാപിനികൾ (Automatic Weather Stations-AWS) സ്ഥാപിക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനായുള്ള സ്ഥലം സംസ്ഥാന സർക്കാർ നൽകുകയും കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉപകരണങ്ങൾ സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. 15 AWS സംസ്ഥാനത്തു സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി 85 മാപിനികൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2022 ഏപ്രിൽ മാസത്തോട് കൂടി 100 AWS സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തീകരിക്കാനാകുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിരിക്കുന്നത്. തത്സമയ കാലാവസ്ഥാ വിവരങ്ങൾ (Weather) അറിയുന്നത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ഗുണപരമായിരിക്കും. കാലാവസ്ഥ മുന്നറിയിപ്പിൽ സുപ്രധാന സ്ഥാനമാണ് ഡോപ്ലർ വെതർ റഡാറുകൾക്ക് ഉള്ളത്. കേരളത്തിൽ കൊച്ചിയിലും തിരുവനന്തപുരത്തും മുഴുവൻ സമയം പ്രവർത്തിക്കുന്ന റഡാറുകൾ ഉണ്ട്. ഇതിന് പുറമെ വടക്കൻ കേരളത്തിലും ഒരു ഡോപ്ലർ റഡാർ സ്ഥപിക്കണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള സന്നദ്ധത കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ സേവനങ്ങളോടൊപ്പം തന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റ് കാലാവസ്ഥ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധേയരായ 3 സ്വകാര്യ ഏജൻസികളിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാക്കിയിരുന്നു. ഇതിന്റെ ഭാഗമായി 4 ജില്ലകളിൽ ഇടിമിന്നൽ സെൻസറുകൾ സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ വ്യത്യസ്ഥ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പ്രളയ സാധ്യതാ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. നിലവിൽ രക്ഷാപ്രവർത്തനത്തിനായി സംസ്ഥാനത്ത് ആപ്ദ മിത്ര, സിവിൽ ഡിഫെൻസ് ഫോഴ്സ് , സാമൂഹിക സന്നദ്ധ സേന എന്നിങ്ങനെ വിവിധ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആപ്ദ മിത്ര പദ്ധതിയിൽ കേരളത്തിൽ നിന്ന് കോട്ടയം ജില്ലയിലെ 200 പേരെയാണ് തിരഞ്ഞെടുത്തത്. ഇവർക്ക് 8 പ്രത്യേക ബാച്ചുകളിലായി 12 ദിവസത്തെ തീവ്രപരിശീലനം നൽകി. ശേഷിക്കുന്ന ജില്ലകളിൽ നിന്നായി ആകമാനം 4500 സന്നദ്ധ പ്രവർത്തകർക്ക് ഈ വർഷം തന്നെ പരിശീലനം ആരംഭിക്കും. സാമൂഹിക അധിഷ്ഠിത ദുരന്ത ലഘൂകരണത്തിനു ഊന്നൽ നൽകികൊണ്ട് സംസ്ഥാനത്തു 3.8 ലക്ഷത്തോളം സന്നദ്ധ പ്രവർത്തകരെ വിവിധ പരിശീലനങ്ങൾ നൽകി സജ്ജരാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇതിനു വേണ്ടി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിച്ചു. സംസ്ഥാനത്തു ഉണ്ടായ വിവിധ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ ഇവർ സജീവമാണ്. സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് വാർത്തെടുക്കുന്ന പ്രവർത്തനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. തൃശ്ശൂരിൽ അഗ്നിരക്ഷാ സേനയുടെ പരിശീലന കേന്ദ്രത്തിൽ ഇവർക്ക് പരിശീലനം നൽകുകയും സംസ്ഥാനത്തെ 129 ഫയർ സ്റ്റേഷനുകളിലായി വിദഗ്ധ പരിശീലനം സിദ്ധിച്ച 6450 പേരടങ്ങുന്ന 50 സിവിൽ ഡിഫെൻസ് ഫോഴ്സിനെ വിന്യസിച്ചു. അതാത് ഫയർ സ്റ്റേഷന്റെ കീഴിലായാണ് ഇവരുടെ പ്രവർത്തനം നടന്നു വരുന്നത്. |
| (ബി) | ഐ. എം. ഡി. യുടെ കാലാവസ്ഥാപ്രവചനം കൃത്യതയുള്ളതാക്കി തീർക്കാൻ ആവശ്യമായ ഉപകരണങ്ങളും ശാസ്ത്രീയ സംവിധാനവും ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ പ്രവചനവും കേരളത്തിനുള്ള സേവനവും മെച്ചപ്പെടുത്താൻ വേണ്ടി കേരളത്തിനായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെ സംബന്ധിച്ചും ആവശ്യമായ ഉപകരണങ്ങളെ സംബന്ധിച്ചും 2018ൽ തന്നെ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. 2021 ഒക്ടോബറിലെ പ്രകൃതി ക്ഷോഭത്തെ തുടർന്ന് ഇതുസംബന്ധിച്ച് ഒരു പ്രത്യേക മെമ്മോറാണ്ടവും സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പൊതുജനങ്ങളിൽ ദുരന്ത പ്രതികരണാവബോധം സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ; | (സി) | ഉണ്ട്. വിവിധ ബോധവൽക്കരണ പരിപാടികൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി നടപ്പിലാക്കി വരുന്നു. കൂടാതെ 'സജ്ജം' എന്ന പേരിൽ വളരെ വിപുലമായ ബോധവത്കരണ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ, വർദ്ധിച്ചു വരുന്ന ദുരന്ത സാഹചര്യങ്ങളെ മനസിലാക്കി സംസ്ഥാനത്തിലെ ഓരോ കുടുംബത്തിലും ദുരന്ത നിവാരണ സാക്ഷരത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള സന്നദ്ധ പ്രവർത്തനങ്ങളുമായി ചേർന്ന് കൊണ്ട് ദുരന്ത നിവാരണ മേഖല ശാക്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി സന്നദ്ധ പ്രവർത്തകർക്ക് ആപ്ദ മിത്ര എന്ന പദ്ധതി പ്രകാരം പരിശീലനം നൽകി വരുന്നു. ദുരന്ത പൂർവ്വ - ദുരന്ത സമയം - ദുരന്താനന്തരം എന്നീ മൂന്ന് സമയങ്ങളിൽ എങ്ങനെ തയ്യാറെടുക്കണം എന്നുള്ള പരിശീലനങ്ങളാണ് നൽകുന്നത്. വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചിട്ടുള്ള പ്രവർത്തനം ആണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | പരിസ്ഥിതി ദുർബല മേഖലകളിൽ വീട് നിർമ്മിക്കുമ്പോഴും കൃഷിയിറക്കുമ്പോഴും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണാവബോധം സൃഷ്ടിക്കുന്നതിനും പ്രചരണ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്. പരിസ്ഥിതി സംരക്ഷണാവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതി വകുപ്പിന്റെ പദ്ധതി ശീർഷകത്തിൽ കീഴിൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നുണ്ട്. പരിസ്ഥിതി ദുരന്ത സാധ്യത പ്രദേശങ്ങളിൽ, സ്വീകരിക്കേണ്ട ഭവനനിർമ്മാണം സംബന്ധിച്ച വിശദമായ വിവരങ്ങൾ ക്രോഡീകരിച്ചു കൊണ്ട് ദുരന്തനിവാരണ അതോറിറ്റി വിശദമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ഇത് സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്. പാരിസ്ഥിതികാവബോധം ഉൾക്കൊണ്ടു കൊണ്ട് വിവിധങ്ങളായ പാരിസ്ഥിതിക ദുരന്ത ലഘൂകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും പാരിസ്ഥിതിക ദുരന്ത ലഘൂകരണ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പദ്ധതികളും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ